"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയില്ലാതെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിൽ നടപ്പിലാക്കിയ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതിക്ക് തുക വിനിയോഗിക്കുന്നതിന് പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1095/2020/LSGD തീയതി,തിരുവനന്തപുരം, 11/06/2020

---

പരാമർശം:- 1 ശുചിത്വ മിഷൻ എറണാകുളം ജില്ലാകോർഡിനേറ്ററുടെ 19.10.2019-ലെ 700/SBM/SLWM/2019 നമ്പർ കത്ത് (SRG 948/19 - CC /470/2019)

2 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2019-ലെ കത്ത്

3 27.05.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ മുൻകോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങളിലെ തീരുമാനം നമ്പർ 2.2(4.25)

**<u>ഉത്തരവ്</u>**

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ശുചിത്വ മിഷന്റെ സർവീസ് പ്രൊവൈഡർ ആയ 'പ്രകൃതി ആലുവ' എന്ന ഏജൻസി മുഖേന പോത്താനികാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിരുന്നു **(പ്രോജക്റ്റ് നമ്പർ 110/19, അടങ്കൽ 10,00,000/- രൂപ)**. ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ഇല്ലാതെയാണ് പഞ്ചായത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. അതിനാൽ പദ്ധതിക്ക് വേണ്ടി തുക വിനിയോഗിക്കുവാൻ സാധിച്ചിരുന്നില്ല. ശുചിത്വ മിഷന്റെ അനുമതിയില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയതെങ്കിലും സ്കൂളുകളിൽ സ്ഥാപിച്ച യൂണിറ്റുകൾ മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിൽ നടപ്പിലാക്കിയ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതിക്ക് തുക വിനിയോഗിക്കുന്നതിന് പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നല്കാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയില്ലാതെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിൽ നടപ്പിലാക്കിയ ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതിക്ക് **(പ്രോജക്റ്റ് നമ്പർ 110/19, അടങ്കൽ 10,00,000/- രൂപ)** തുക വിനിയോഗിക്കുന്നതിന് പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പ്രസിഡന്റ്/ സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.06.12 13:09:27 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്